# കേരള സർവകലാശാല

നം. പി.ആർ.165/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഫാർമസിസ്റ്റ് തസ്തിക: നിയമന നടപടികൾ റദ്ദാക്കി

2006-ലെ (Notification No. Ad.D.II.3/969/81 തീയതി 16-12-2006) പത്രക്കുറിപ്പിലൂടെ കേരള സർവകലാശാല ഹെൽത്ത് സെന്ററിൽ സ്ഥിരനിയമനാടിസ്ഥാനത്തിൽ ഫാർമസിസ്റ്റ് തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചിരുന്നു, എന്നാൽ പ്രസ്തുത നിയമനവുമായി മുന്നോട്ട് പോകേണ്ടതില്ല എന്ന് സർവകലാശാല തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ നിയമന നടപടികൾ റദ്ദ് ചെയ്ത് സർവകലാശാല ഉത്തരവായി. ഇതിലേക്കായി അടച്ച അപേക്ഷാഫീസ് തിരികെ ലഭിക്കാനുള്ള അപേക്ഷകൾ 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്.
(എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാനുള്ളത്)

### മാർക്ക്ലിസ്റ്റ് കൈപ്പറ്റണം

കേരള സർവകലാശാലയുടെ രണ്ടാം വർഷ ബി.എസ്‌സി കമ്പ്യൂട്ടർ സയൻസ്/ ബി.സി.എ റെഗുലറായി പരീക്ഷ എഴുതിയ വിദ്യാർത്ഥികളിൽ തിരുവനന്തപുരം ജില്ലയിലെ കേന്ദ്രങ്ങളിൽ പരീക്ഷ എഴുതിയവർ പാളയത്തെ എസ്.ഡി.ഇ ഓഫീസിൽ നിന്നും കൊല്ലം ജില്ലയിലെ കരിക്കോട്, ടി.കെ.എം ആർട്സ് & സയൻസ് കോളേജിൽ നിന്നും മറ്റുള്ള ജില്ലകളിലെ കേന്ദ്രങ്ങളിൽ പരീക്ഷ എഴുതിയവർ ചേർത്തല എസ്.എൻ കോളേജിൽ നിന്നും 26, 27, 28 തീയതികളിൽ ഹാൾടിക്കറ്റുമായി വന്ന് മാർക്ക്ലിസ്റ്റ് കൈപ്പറ്റണം. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും അപേക്ഷിക്കാനുള്ള അവസാന തീയതി ആഗസ്റ്റ് 10.

### പരീക്ഷാകേന്ദ്രത്തിൽ മാറ്റം

കേരള സർവകലാശാല ജൂലൈ 26, 28 തീയതികളിൽ നടത്തുന്ന ബി.എ (ആന്വൽ സ്കീം) മാർച്ച്/ഏപ്രിൽ 2017 പാർട്ട് രണ്ട് - പേപ്പർ രണ്ട്, മൂന്ന് പരീക്ഷയ്ക്ക് യൂണിവേഴ്സിറ്റി കോളേജ് പരീക്ഷാകേന്ദ്രമായി ഓൺലൈനായി അപേക്ഷിച്ചിട്ടുള്ള ബി.എ ഹിസ്റ്ററി, ബി.എ ഇംഗ്ലീഷ് മെയിൻ വിദ്യാർത്ഥികൾ വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിൽ (എസ്.ഡി.ഇ, പാളയം) പരീക്ഷ എഴുതേണ്ടതാണ്. ഓഫ്‌ലൈനായി അപേക്ഷിച്ചവർക്ക് പരീക്ഷാകേന്ദ്രത്തിൽ മാറ്റമില്ല.

### പി.ജി അഡ്മിഷൻ: ബിരുദ മാർക്ക്/ഗ്രേഡുകൾ വെബ്സൈറ്റിൽ രേഖപ്പെടുത്തണം

കേരള സർവകലാശാലയുടെ വിവിധ പഠനവകുപ്പുകളിലേക്ക് 2017-18 അദ്ധ്യയന വർഷത്തിലെ ബിരുദാനന്തരബിരുദ പ്രവേശനത്തിനുള്ള മത്സരപരീക്ഷ എഴുതിയവരുടെ പരീക്ഷാഫലം സർവകലാശാലയുടെ അഡ്മിഷൻ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് അറിയുകയും ജൂലൈ 27-ന് മുമ്പ് തങ്ങളുടെ ബിരുദതലത്തിലെ മാർക്ക്/ഗ്രേഡ് പ്രസ്തുത വെബ്സൈറ്റിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## എം.എ.എസ്.എൽ.പി: അപേക്ഷകൾ ക്ഷണിച്ചു

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിങ്ങ് (NISH) ൽ 2017-18 അദ്ധ്യയന വർഷത്തിൽ എം.എ.എസ്.എൽ.പി കോഴ്സിലേക്കുള്ള അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പി.ജി. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകൾ/ സെന്ററുകൾ എന്നിവിടങ്ങളിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള (2017-18) ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) ലഭിക്കും.

(എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കുന്നതിന് )

## ഒന്നാം വർഷ ബിരുദ പ്രവേശനം-2017

## ഓൺലൈൻ അപേക്ഷയിൽ തിരുത്തലിന് ജൂലൈ 24 മുതൽ അവസരം

കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ (ഗവ., എയ്ഡഡ്, സ്വാശ്രയ, ഐ.എച്ച്.ആർ.ഡി.) ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് അപേക്ഷിച്ചിട്ടുള്ള (http://admissions.keralauniversity.ac.in) വിദ്യാർത്ഥികൾക്ക് ഓൺലൈൻ അപേക്ഷയിൽ മാറ്റം (തിരുത്തൽ) വരുത്തുവാൻ അവസരം നൽകുന്നു. ജൂലൈ 24-ാം തീയതി വൈകുന്നേരം 5 മണി മുതൽ ജൂലൈയ് 27-ാം തീയതി വൈകുന്നേരം 5 മണി വരെ സ്വന്തം ഓൺലൈൻ അപേക്ഷയിൽ മാറ്റങ്ങൾ വരുത്താം. പുതിയ ഓപ്ഷനുകൾ ചേർക്കാനും ഹയർ ഓപ്ഷനുകൾ ക്യാൻസൽ ചെയ്യാനും ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ഓൺലൈൻ അപേക്ഷയിൽ എന്തെങ്കിലും തിരുത്തലുകൾ വരുത്തുവാനും ഉണ്ടെങ്കിൽ ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. ജൂലൈ 27 വൈകുന്നേരം 5.00 മണിക്ക് ശേഷം ഓൺലൈൻ അപേക്ഷയിൽ യാതൊരു വിധത്തിലുള്ള തിരുത്തലുകളും ഒരു കാരണവശാലും അനുവദിക്കുന്നതല്ല. ഓരോ കോളേജുകളിലും നിലവിലുള്ള ഒഴിവുകളും ഏറ്റവും ഒടുവിൽ പ്രവേശനം ലഭിച്ച കുട്ടിയുടെ ഇൻഡക്സ് മാർക്ക് 'Last Index Mark' എന്നിവ (http://admissions.keralauniversity.ac.in) വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തും. വിദ്യാർത്ഥികൾക്ക് തങ്ങളുടെ ഇൻഡക്സ് മാർക്ക് ഈ വിവരവുമായി താരതമ്യപ്പെടുത്തി തങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ഓപ്ഷനുകൾ ക്രമീകരിക്കാവുന്നതാണ്. ഇത്തരത്തിൽ വരുത്തിയ മാറ്റങ്ങൾ എല്ലാം പരിഗണിച്ച് ജൂലൈ 31-ാം തീയതി നാലാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധപ്പെടുത്തും. ഒന്നാം ഓപ്ഷൻ തന്നെ ലഭിച്ച വിദ്യാർത്ഥികൾക്ക് തിരുത്തലിന് അവസരം ഇല്ല. പ്രവേശനം നേടിക്കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ഹയർ ഓപ്ഷനുകളിൽ മാറ്റം വരുത്താം. ഇപ്പോൾ ലഭിച്ച കോളേജ്, കോഴ്സ് എന്നിവയിൽ തൃപ്തരാണെങ്കിൽ ഹയർ ഓപ്ഷനുകൾ ക്യാൻസൽ ചെയ്യണം.

## എൽ.എൽ.ബി പരീക്ഷ

കേരള സർവകലാശാലയുടെ ത്രിവത്സര എൽ.എൽ.ബി കോഴ്സിന്റെ ആറാം സെമസ്റ്റർ യൂണിറ്ററി പരീക്ഷകൾ ആഗസ്റ്റ് 11 മുതൽ ആരംഭിക്കുന്നു. പരീക്ഷകൾക്ക് പിഴ കൂടാതെ ജൂലൈ 31, 50 രൂപ പിഴയോടെ ആഗസ്റ്റ് രണ്ട് വരെ ഫീസടച്ച് അപേക്ഷിക്കാം. ഓൺലൈൻ രജിസ്ട്രേഷൻ ജൂലൈ 25 മുതൽ ആരംഭിക്കും.

## ലക്ചറർ : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല കൊമേഴ്സ് പഠനവകുപ്പിൽ കരാറടിസ്ഥാനത്തിൽ ലക്ചറർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി ആഗസ്റ്റ് നാല്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

## എം.ടെക് ഫലം

കേരള സർവകലാശാല സെപ്തംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ (ഫുൾടൈം & പാർട്ട്ടൈം – 2008 സ്കീം)/ മൂന്നാം സെമസ്റ്റർ (പാർട്ട്ടൈം – 2008 സ്കീം) സപ്ലിമെന്ററി, രണ്ടാം സെമസ്റ്റർ (ഫുൾടൈം & പാർട്ട്ടൈം – 2013 സ്കീം) സപ്ലിമെന്ററി, നാലാം സെമസ്റ്റർ (പാർട്ട്ടൈം – 2013 സ്കീം) റഗുലർ & സപ്ലിമെന്ററി, ഒന്നാം സെമസ്റ്റർ (ഫുൾടൈം & പാർട്ട്ടൈം – 2003 സ്കീം)/മൂന്നാം സെമസ്റ്റർ (പാർട്ട്ടൈം – 2003 സ്കീം) എം.ടെക് ഡിഗ്രി മേഴ്സി ചാൻസ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. റിസൾട്ട് കോപ്പി വെബ്സൈറ്റിലും അതാത് കോളേജുകളിലും ആഗസ്റ്റ് 14 വരെ ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിക്കേണ്ട അവസാന തീയതി ആഗസ്റ്റ് ഒമ്പത്.

തിരുവനന്തപുരം.
24.07.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098